# പതിനാലാം കേരള നിയമസഭ

## പത്തൊമ്പതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 66** **04-03-2020 ലെ മറുപടി**

**ജലലഭ്യത ഉറപ്പുവരുത്തുന്നതിന് നടപടി**

| ചോദ്യം | | | മറുപടി |
|---|---|---|---|
| | **ശ്രീ.ബി.ഡി.ദേവസി**<br>**ശ്രീ.എ. പ്രദീപ് കുമാർ**<br>**ശ്രീ. എസ്. രാജേന്ദ്രൻ**<br>**ശ്രീ. പി.ഉണ്ണി** | | **ശ്രീ. കെ.കൃഷ്ണൻ കുട്ടി**<br>(ബഹു.ജലവിഭവ വകുപ്പുമന്ത്രി) |
| (എ) | എല്ലാവർക്കും ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുകയെന്ന ലക്ഷ്യം നിറവേറ്റുന്നതിന് മുന്നോടിയായി സംസ്ഥാനത്തെ ജലലഭ്യതയും ആവശ്യകതയും കണ്ടെത്താൻ ജലബജറ്റ് തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ യെന്ന് വ്യക്തമാക്കാമോ; | (എ) | ഉണ്ട്. കുടിവെള്ളം, ജനങ്ങളുടെ ദൈനംദിന ആവശ്യങ്ങൾക്ക് വേണ്ടി വരുന്ന ജലം, കൃഷി, കന്നുകാലി വളർത്തൽ, പക്ഷി-മൃഗാദികൾ, വ്യാവസായികാവശ്യം എന്നിവയോടൊപ്പം പാരിസ്ഥിതികാവശ്യം തുടങ്ങിയവയ്ക്കും വേണ്ടി വരുന്ന ജലത്തിന്റെ അളവ് കൂടി പരിഗണിച്ചാണ് ജലബഡ്ജറ്റ് തയ്യാറാക്കുന്നത്.<br>ജലബഡ്ജറ്റ് നടപ്പിലാക്കുന്നതിന് മാർഗ്ഗ രേഖ തയ്യാറാക്കുന്നതിന് ഒരു കമ്മിറ്റി രൂപീകരിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി കോഴിക്കോട് ആസ്ഥാനമായി പ്രവർത്തിക്കുന്ന ജലവികസന വിനിയോഗ കേന്ദ്രത്തിൽ വച്ച് ഹരിതകേരളം മിഷൻ പ്രതിനിധികൾ ഉൾപ്പെടെയുള്ളവരുടെ യോഗം 2020 ഫെബ്രുവരി മാസം ചേരുകയും മാർഗ്ഗരേഖ തയ്യാറാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരികയുമാണ്. |
| ബി) | നീരൊഴുക്കിന്റെ അളവിനനുസരിച്ച് വേനൽക്കാലത്ത് ജലലഭ്യത ഉറപ്പ് വരുത്തുന്നതിന് നദികളിലും തോടുകളിലും തടയണകൾ നിർമ്മിക്കുന്നതിന് പദ്ധതിയുണ്ടോയെന്ന് വിശദമാക്കാമോ; | | നദികളിലെ നീരൊഴുക്ക് സ്ഥായിയാക്കുന്നതിനുള്ള ശാസ്ത്രീയമാർഗ്ഗം നദീതടാടിസ്ഥാനത്തിൽ മണ്ണ് ജലസംരക്ഷണ പ്രവർത്തനങ്ങൾ സംയോജിത നീർത്തടാടിസ്ഥാനത്തിൽ നിർവ്വഹിക്കുക എന്നതാണ്. ഈ പ്രവർത്തനങ്ങളുടെ ഭാഗമായി വരുന്ന ഒരു പ്രവർത്തനമാണ് വിവിധതരത്തിലുള്ള തടയണകൾ നിർമ്മിക്കുക എന്നത്. വേനൽക്കാലത്ത് ജലലഭ്യത വർദ്ധിപ്പിക്കുക എന്നതിലുപരി, ഭൂജല സംപോഷണം വർദ്ധിപ്പിക്കുന്നതിലും തടയണകൾ പ്രധാന പങ്ക് വഹിക്കുന്നു. നദികൾക്കും തോടുകൾക്കും കുറുകെ ചെറു തടയണകളും റെഗുലേറ്ററുകളും നിർമ്മിച്ച് തത്പ്രദേശത്തെ ജലനിരപ്പ് ഉയർത്തുകയും വേനൽകാലത്തെ ജലക്ഷാമം പരിഹരിക്കുകയും ചെയ്യുന്ന പ്രവർത്തനങ്ങൾ ആവശ്യകതയും ഫണ്ടിന്റെ ലഭ്യതയും കണക്കിലാക്കി ജലസേചന വകുപ്പ് മുഖാന്തരം നടപ്പിലാക്കി വരുന്നു.<br><br>ചീഫ് എഞ്ചിനീയർ, പദ്ധതി വിഭാഗം 2 ന്റെ |

| | | | |
|---|---|---|---|
| | | | കാര്യാലയത്തിനു കീഴിൽ മീനച്ചിൽ നദീതട പദ്ധതിയിൽ നിലവിൽ 6 തടയണകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇവയിൽ 3 പദ്ധതികളുടെ എസ്റ്റിമേറ്റ് അനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. 3 പദ്ധതികളുടെ പര്യവേഷണ ജോലികൾ ആരംഭ ഘട്ടത്തിലാണ്.<br>ഭൂജലവകുപ്പ് മുഖേന ചെറുകിട നീർത്തടാതിഷ്ഠിതമായി ചെറിയ തടയണകളുടെ നിർമ്മാണം 2019-20 സാമ്പത്തിക വർഷത്തിലെ 'ഭൂജല സംരക്ഷണവും സംപോഷണവും' പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിലെ അമിത ചൂഷിത ബ്ലോക്കായ ചിറ്റൂരിലെ വടകരപതി പഞ്ചായത്തിൽ എരിക്കലംപാറ തോടിൽ അഞ്ച് തടയണകളുടെ നിർമ്മാണം നടപ്പിലാക്കുന്നതിന് 40.80 ലക്ഷം രൂപയുടെ സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. കാട്ടാക്കട നിയോജക മണ്ഡലത്തിലെ വിളപ്പിൽ തോടിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന തടയണകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കൽ പുരോഗമിക്കുന്നു.<br>ജലസേചന വകുപ്പ്, മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ്, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കൃഷി വകുപ്പ് എന്നിവയുടെ നേതൃത്വത്തിൽ സ്ഥിരമായിട്ടുള്ളതും താൽക്കാലികവുമായ തടയണകൾ പുഴകളിലും തോടുകളിലും നിർമ്മിക്കുന്നതിന് പദ്ധതിയുണ്ട്. കൂടാതെ എം.എൽ.എ മാരുടെ പ്രാദേശിക ആസ്തി വികസന ഫണ്ട് ഉപയോഗിച്ചും തടയണകളും വി.സി.ബികളും നിർമ്മിക്കുന്നുണ്ട്. ഹരിതകേരളം മിഷന്റെ ഭാഗമായി കൂടുതൽ വരൾച്ച അനുഭവപ്പെടുന്ന 4 ജില്ലകളിൽ ഗോവൻ മാതൃകയിലുള്ള ബന്ധാരകൾ നിർമ്മിക്കുന്നതിനുള്ള പ്രവർത്തനം കിഫ്ബിയുടെ സഹായത്തോടെ ആരംഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി) | പ്രളയം നദികളുടെ വാഹകശേഷിയിലും ജലസംഭരണ ശേഷിയിലും കുറവ് വരുത്തിയത് കണക്കിലെടുത്ത് മാലിന്യങ്ങൾ നീക്കുന്നതിനും ശാസ്ത്രീയ പരിശോധനയുടെ അടിസ്ഥാനത്തിൽ മണൽവാരി പുനരുജ്ജീവിപ്പിക്കുന്നതിനും നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദീകരിക്കാമോ? | | പ്രളയാനന്തരം നദികളുടെ ഒഴുക്കിലും ജല ആവാഹശേഷിയിലും ഉണ്ടായ കുറവ് നികത്തി ആവാഹശേഷി വർദ്ധിപ്പിക്കുന്നതിന്റെ പ്രാഥമിക ഘട്ടമായി പ്രധാന നദികളിൽ സ്ഥിതിചെയ്യുന്ന ജലസേചന നിർമ്മിതികളായ പൂക്കോട്ടുമന റെഗുലേറ്റർ-കം ബ്രിഡ്ജ്, മഞ്ഞുമൽ റെഗുലേറ്റർ, ചെറുതുരുത്തി തടയണ, ചങ്ങണാംകടവ് റെഗുലേറ്റർ, വെള്ളിയാങ്കൽ റെഗുലേറ്റർ കം ബ്രിഡ്ജ്, പുറപ്പള്ളിക്കാവ് റെഗുലേറ്റർ എന്നിവയുടെ നിയന്ത്രണ മേഖലയിൽ അടിഞ്ഞുകൂടിയമണൽ/ ചെളിയുടെ ഏകദേശ കണക്ക് നിർണ്ണയിക്കുകയും, ടി നിർമ്മിതികളുടെ പരിധിയിൽ അടിഞ്ഞുകൂടിയ മണലും ചെളിയും നീക്കംചെയ്യുന്നതിനായി ഭരണാനുമതി നൽകുകയും ടി പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുമുണ്ട്.<br>ഡാമുകളിലും റിസർവ്വോയറുകളിലും കെട്ടികിടക്കുന്ന ചെളിയും മണലും നീക്കി അവയുടെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനായി കേരളത്തിലെ റിസർവ്വോയറുകളിലെ ചെളിയും മണലും നീക്കം ചെയ്യുന്നതിനും മംഗലം, ചുള്ളിയാർ എന്നീ ഡാമുകളെ പൈലറ്റ് പ്രൊജക്ടുകളാക്കി ഡീസിൽറ്റേഷൻ നടത്തുന്നതിനും ഒരു Standard Operating Procedure(SOP) അംഗീകരിച്ച് GO(Ms)No.79/2017/WRD തിയ്യതി, 26/09/2017 പ്രകാരം സർക്കാർ ഉത്തരവാകുകയും മംഗലം റിസർവ്വോയറിൽ Turn Key രീതിയിൽ Desiltation നടത്തുന്നതിന് GO(MS) No.49/2019/WRD തിയ്യതി 8/11/2019 പ്രകാരം ഭരണാനുമതി നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ ആഗോള ടെൻഡർ ക്ഷണിക്കുകയും GO(MS)No.50/20/WRD തിയ്യതി 08/11/2019 പ്രകാരം വെള്ളിയാങ്കല്ല് ആർ.സി.ബി.യുടെ പരിധിയിൽ അടിഞ്ഞുകൂടിയ മണലും ചെളിയും നീക്കം ചെയ്യുന്നതിനും ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ആഗോള ടെൻഡർ ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്.<br>ഇതുകൂടാതെ മലമ്പുഴ, മീങ്കര, കാരാപ്പുഴ, വാളയാർ എന്നീ ഡാമുകളിലും പഴശ്ശി ബാരേജിലും കമ്പാലത്തറ, കുന്നംപിടാരി, വെങ്കലക്കയം എന്നീ എരികളിലും ഡീസിൽറ്റേഷൻ നടത്തുന്നതിന് |

| | | | |
|---|---|---|---|
| | | | GO(Rt)No.919/2019/WRD തിയ്യതി 07/12/2019 പ്രകാരം സർക്കാരിൽ നിന്നും ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത നടപടികൾ സ്വീകരിക്കുന്നതിനായി ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ ചെയർമാനായി Desiltation Tendering/Facilitation Cell രൂപീകരിക്കുകയും Desiltation നടത്തുന്നതിനുള്ള DPR തയ്യാറാക്കുന്നതിനായി താൽപ്പര്യപത്രം ക്ഷണിക്കുന്നതിനുള്ള നടപടികൾ ഈ സെല്ലിനു കീഴിൽ പുരോഗമിക്കുന്നുമുണ്ട്.<br><br>കുട്ടനാട് പാക്കേജ് ഒന്നാം ഘട്ടത്തിൽ കുട്ടനാട്ടിലും അപ്പർ കുട്ടനാട്ടിലുമായി ഏകദേശം 250 കിലോമീറ്റർ നീളത്തിൽ തോടുകളിലെ ചെളി നീക്കം ചെയ്ത് ആഴം കൂട്ടുന്ന പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്. പ്രളയാനന്തരം SDRF ൽ ഉൾപ്പെടുത്തി 195 കിലോമീറ്ററോളം നീളത്തിൽ തോടുകളുടെ നവീകരണം നടപ്പിലാക്കി വരുന്നു. ഇതുമൂലം തോടുകളുടെ ജലസംഭരണശേഷിയും വാഹക ശേഷിയും ഉയർന്നിട്ടുണ്ട്.<br>ഹരിതകേരളത്തിന്റെ ഭാഗമായി ജലസ്രോതസുകളിലെ മാലിന്യം നീക്കി നീരൊഴുക്ക് സുഗമമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഹരിതകേരളം പദ്ധതി നിലവിൽ വന്നശേഷം നാളിതു വരെ 412 കി.മീ പുഴകളും 36323 കി.മീ തോടുകളും ജനകീയമായി മാലിന്യം നീക്കി ശുചിയാക്കിയിട്ടുണ്ട്. "ഇനി ഞാൻ ഒഴുകട്ടെ" എന്ന പേരിൽ 2019 ഡിസംബർ 14 ന് ആരംഭിച്ച ജനകീയ നീർച്ചാൽ പുനരുജ്ജീവനത്തിന്റെ ഭാഗമായി 820 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ 914 നീർച്ചാലുകൾ 2034 കി.മീ നീളത്തിൽ പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ